II ഇ.ബി. XIII-കേരള നിയമസഭ/XII-5

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2014 ഡിസംബർ 8, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

12 (*151) മുല്ലപ്പെരിയാർ വനമേഖലയിലെ ജൈവ-ആവാസ വ്യവസ്ഥയെക്കുറിച്ചുള്ള പഠനം

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ആയിരുന്ന ശ്രീ. വി. ഗോപിനാഥിന്റെ നേതൃത്വത്തിൽ 2014 നവംബറിൽ നടത്തിയ പഠനത്തിൽ 35 വർഷത്തിനുശേഷം മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 142 അടിയാക്കി ഉയർത്തിയതുമൂലം 568 ഹെക്ടർ വനഭൂമി മുങ്ങിപ്പോകുകവഴി

വനമേഖലയിലെ ജൈവ ആവാസ വ്യവസ്ഥയെ ഗുരുതരമായി ബാധിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തന്മൂലം വന്യജീവികൾ തമ്മിലുള്ള സംഘർഷം വർദ്ധിക്കുകയും അവയുടെ നിലനിൽപ്പിന് ഭീഷണിയാകുകയും പുതുതലമുറയ്ക്ക് ആഹാരലഭ്യത ഇല്ലാതാകുന്നതിനുള്ള സാഹചര്യം സംജാതമാകുകയും ചെയ്തിട്ടുണ്ട്. 49 ഇനം ഉഭയജീവികളുടെയും 251 ഇനം ശലഭങ്ങളുടെയും ആവാസ വ്യവസ്ഥയ്ക്ക് തകർച്ച നേരിടുന്നതിന് കാരണമാക്കിയിട്ടുണ്ട്. കൂടാതെ പെരിയാർ തടാകത്തിലെ വംശനാശ ഭീഷണി നേരിടുന്ന നാടൻ മത്സ്യ സമ്പത്തും തടാകത്തിലെ മരക്കുറ്റികൾ മുങ്ങിപ്പോയതുവഴി നീർപക്ഷികളുടെ കൂടുകളും നശിക്കുന്നതിനും വംശനാശഭീഷണി നേരിടുന്നതിനും ഇടയാക്കിയിട്ടുണ്ട്. തമിഴ്നാട് വെള്ളം കൊണ്ടുപോകുന്നതിൽ യാതൊരു തർക്കവുമില്ലെന്നും എന്നാൽ ഭരണഘടനാപരമായി സംസ്ഥാനത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടത് പരമപ്രധാനമായ കാര്യമാണെന്നും മന്ത്രി നിരീക്ഷിച്ചു. ജലനിരപ്പ് ഉയർത്തിയതിലൂടെ 1972-ലെ വന്യജീവി സംരക്ഷണ നിയമം, 1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട്, 1986-ലെ പരിസ്ഥിതി (സംരക്ഷണ) നിയമം, 2006-ലെ വനാവകാശ നിയമം എന്നീ കേന്ദ്ര നിയമങ്ങളുടെ ലംഘനം ഉണ്ടായിട്ടുള്ളതായും റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ

അവകാശങ്ങൾ സംരക്ഷിച്ചുകിട്ടുന്നതിനുവേണ്ടി റിപ്പോർട്ടിലെ പാരിസ്ഥിതികവും നിയമപരവുമായ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ദേശീയ ഹരിത ട്രൈബ്യൂണലിനെ സമീപിക്കുന്നതിനുള്ള നിയമനടപടികൾ അവസാനഘട്ടത്തിലാണ്. കുമിളി പഞ്ചായത്തിലെ ആനവച്ചാലിൽ പാർക്കിംഗ് ഗ്രൗണ്ട് നിർമ്മിക്കുന്നതിനെതിരെ തമിഴ്നാട് ഗ്രീൻ ട്രൈബ്യൂണലിൽ നിന്നും നേടിയെടുത്തിരിക്കുന്ന സ്റ്റേ ഒഴിവാക്കുന്നതിനാവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

13 (*152) കോംബിംഗ് ഓപ്പറേഷൻ

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടിയിൽ, കോംബിംഗ് ഓപ്പറേഷനുകളിലൂടെ പിടികിട്ടാപ്പുള്ളികളും ഒളിവിൽ കഴിഞ്ഞുവരുന്ന പ്രതികളും ഉൾപ്പെടെയുള്ള നിരവധിപേരെ പിടികൂടാൻ സാധിച്ചിട്ടുണ്ടെന്നും അതാത് സമയങ്ങളിലുണ്ടാകുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനാണ് കോംബിംഗ് ഓപ്പറേഷനുകൾ നടത്തുന്നതെന്നും സഭയെ അറിയിച്ചു. കുറ്റത്തിന്റെ വ്യാപ്തിയനുസരിച്ച് കേസുകൾ രജിസ്റ്റർ ചെയ്ത് പിഴ ഈടാക്കുന്നതിനുപുറമേ

ജനമൈത്രീ പോലീസ് സിസ്റ്റം, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയിലൂടെ കുറ്റകൃത്യങ്ങൾക്കെതിരെ ജനങ്ങളിൽ ബോധവൽക്കരണവും നടത്തുന്നുണ്ട്. മദ്യപിച്ച് വാഹനമോടിക്കുകയും ഗതാഗത നിയമലംഘനം നടത്തുകയും ചെയ്യുന്നവർക്കെതിരെ നിയമനടപടി സ്വീകരിച്ചുവരുന്നു. കോംബിംഗ് ഓപ്പറേഷൻ സംബന്ധിച്ച വിവരങ്ങൾ പോലീസിൽ നിന്നും ചോർന്നുപോകുന്നുണ്ടോയെന്ന കാര്യം പ്രത്യേകം നിരീക്ഷിക്കുന്നുണ്ട്. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി നിരീക്ഷിച്ചും കൂടുതൽ കേസുകളിൽ പ്രതികളാകുന്നവരെ KAAPA നിയമപ്രകാരം തടങ്കലിൽവച്ചും കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് ശ്രമിച്ചുവരുന്നു. വാറണ്ടുള്ളവരെ അറസ്റ്റ് ചെയ്യുന്നതിനും പിടികിട്ടാപ്പുള്ളികളെ പിടികൂടുന്നതിനും സർക്കിൾ അടിസ്ഥാനത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ക്രിമിനൽ കേസിലെ പ്രതികളെയും വാറണ്ടുള്ള പ്രതികളെയും യഥാസമയം അറസ്റ്റുചെയ്ത് നിയമനടപടികൾക്കായി കോടതിയിൽ ഹാജരാക്കിവരുന്നു. കുറ്റകൃത്യങ്ങൾ തടയുന്നതിനായി പോലീസ് സ്റ്റേഷൻ പരിധികളിൽ പ്രത്യേകം ബീറ്റുകൾ ഏർപ്പെടുത്തിവരുന്നു. കൂടാതെ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് കുറ്റകൃത്യങ്ങളെപ്പറ്റിയും അവ നടത്തുന്നവരെപ്പറ്റിയും രഹസ്യവിവരം ശേഖരിച്ചുവരുന്നു. കുറ്റകൃത്യങ്ങളും മോഷണങ്ങളും തടയുന്നതിനായി രാത്രികാല

പട്രോളിംഗ് ഏർപ്പെടുത്തിയും സംശയാസ്പദമായി കണ്ടെത്തുന്നവരെ പ്രിവന്റീവ് അറസ്റ്റ് നടത്തിയും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കൂടാതെ ഷാഡോ പോലീസിനെ നിയോഗിച്ചും ഇന്റലിജൻസ് മുഖാന്തിരം വിവരങ്ങൾ ശേഖരിച്ചും കുറ്റകൃത്യങ്ങളിൽ ഏർപ്പെടാൻ സാധ്യതയുള്ളവരുടെ മേൽ നിരീക്ഷണം നടത്തിയും പിടികിട്ടാപുള്ളികളെയും അജ്ഞാതരായ കുറ്റവാളികളെയും കണ്ടുപിടിച്ചും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നു. കള്ളനോട്ടുകാർക്കെതിരെയും വ്യാജവാറ്റുകാർക്കെതിരെയും മയക്കുമരുന്ന് കുറ്റവാളികൾക്കെതിരെയും ഹവാല തട്ടിപ്പുകാർക്കെതിരെയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമപ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. മാവോയിസ്റ്റ് ഭീഷണി നേരിടാൻ തണ്ടർബോൾട്ട് കമാൻഡോ വിഭാഗത്തിനുപുറമേ ആംഡ് പോലീസ് ബറ്റാലിയനിലെയും ലോക്കൽ പോലീസിലെയും പ്രത്യേകം തെരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി ആന്റീ നക്സൽ ഫോഴ്സിന് രൂപം കൊടുത്തിട്ടുണ്ട്. കേരള, തമിഴ്നാട്, കർണാടക അതിർത്തികളിലെ മാവോയിസ്റ്റ് ഭീഷണി സംയുക്തമായി നേരിടുന്നതിന്റെ ഭാഗമായി മൂന്നു സംസ്ഥാനങ്ങളുടെയും ആഭ്യന്തരവകുപ്പുമന്ത്രിമാരുടെ യോഗം ഉടൻ ചേരുന്നതാണ്. ആദിവാസിമേഖലയിലെ വിവിധ സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്.

വിഭാഗങ്ങളിൽപ്പെട്ട 16 പേരെ തെരഞ്ഞെടുത്ത് ആ മേഖലയിൽ നിയമിക്കുകയും റിവ്യൂ മീറ്റിംഗ് നടത്തിവരികയും ചെയ്യുന്നുണ്ട്. ആദിവാസി സമൂഹം നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അസമത്വം ഇല്ലാതാക്കുന്നതിനും സർക്കാർ നടപടികളോടൊപ്പം എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരേ ലക്ഷ്യത്തോടെ അണിചേരണമെന്ന് മന്ത്രി ആഹ്വാനം ചെയ്തു. കോഴിക്കോട്ട് നടന്ന ചുംബന സമരത്തിന് ഗവൺമെന്റ് എതിരല്ലെന്നും അവിടെ ക്രമസമാധാനപ്രശ്നം ഉണ്ടായപ്പോഴാണ് പോലീസ് ഇടപെട്ടതെന്നും, ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യുമ്പോൾ സുപ്രീംകോടതി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. കേസെടുത്ത് ചാർജ്ജ്ഷീറ്റ് കൊടുക്കാൻ വൈകിയതിന്റെ ഫലമായി കോടതിയാണ് തൊഗാഡിയയുടെ കേസിൽ തീർപ്പ് കല്പിച്ചതെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

14 (*153) <u>വിഴിഞ്ഞം പദ്ധതി</u>

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട വികസനത്തിന്

വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡ പ്രകാരം പബ്ലിക്ക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് വിഹിതമായ 4044 കോടിയുടെ 20% വരെ കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിക്കാൻ അർഹതയുണ്ടെന്നും പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കൺസഷനയർക്ക് ഫണ്ടിംഗ് ലഭ്യമാക്കുന്നതാണെന്നും തുറമുഖം പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലായിരിക്കുമെന്നും സഭയെ അറിയിച്ചു. വിഴിഞ്ഞം പദ്ധതിക്കും പാരിസ്ഥിതികാനുമതിക്കെതിരെ 2011-ലെ CRZ നിയമം ചോദ്യം ചെയ്തുകൊണ്ട് ചെന്നൈ ബഞ്ചിലും ഹരിത ട്രൈബ്യൂണലിന്റെ ഡൽഹി ബഞ്ചിലും സമർപ്പിച്ച ഹർജികളിന്മേൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയും സംസ്ഥാന സർക്കാരും നിയമപരമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഹർജികൾക്ക് പിന്നിൽ ഏതെങ്കിലും ശക്തികൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അന്വേഷണം നടത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. വിഴിഞ്ഞം പദ്ധതിയുടെ വയബിലിറ്റ് ഗ്യാപ് ഫണ്ടിംഗുമായി ബന്ധപ്പെട്ട് ഇന്ന് ഡൽഹിയിൽവച്ച് നടക്കുന്ന അവസാനവട്ട ചർച്ചയിൽ ചീഫ് സെക്രട്ടറിയും തുറമുഖ വകുപ്പ് സെക്രട്ടറിയും വിഴിഞ്ഞം കമ്പനിയുടെ എം.ഡി.യും പങ്കെടുക്കുന്നുണ്ട്. ലോകനിലവാരത്തിലുള്ള

ഒന്നാക്കി വിഴിഞ്ഞം തുറമുഖത്തെ മാറ്റുന്നതിന്റെ ഭാഗമായി 18000 TU കപ്പൽ കപ്പാസിറ്റിയാക്കി ഉയർത്തിയിട്ടുണ്ടെന്നും ബർത്തിന്റെ നീളം 800 മീറ്ററായും കടൽ നിരപ്പാക്കിയെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി 56 ഹെക്ടറായും വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യത്തിന് മറുപടിയായ മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1865 മുതൽ 2238 വരെയുള്ള ചോദ്യങ്ങളിൽ 119 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)